ഉത്തരം

(എ) കായംകുളം മത്സ്യബന്ധന തുറമുഖത്തിന്റെ നിർമ്മാണ പ്രവർത്തികൾ സുനാമി ദുരന്തത്തെത്തുടർന്ന് സ്തംഭനാവസ്ഥയിൽ ആയിരുന്നു. കടൽക്ഷോഭംമൂലം പദ്ധതി പ്രദേശത്ത് ആൾ നാശവും തുറമുഖത്തിന്റെ സംവിധാനങ്ങൾക്ക് സാരമായ കേടുപാടുകൾ സംഭവിക്കുകയും ചെയ്തതിനാൽ 28-12-2004 മുതൽ പണി നിറുത്തിവച്ചിരുന്നു.

(ബി) ഹാർബർ നിർമ്മാണം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. ബ്രെക്കു വാട്ടറിന്റെ ശേഷിക്കുന്ന ജോലികളും ഡ്രഡ്ജിംഗ് ജോലികളും പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

2. വാർഫ്, ലേലഹാൾ (വൈദ്യുതീകരണം ഒഴികെ) അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്, ഡ്രെയിനേജു സൗകര്യം, വെയ്ബ്രിഡ്ജുകൾ, റീക്ലമേഷൻ ബണ്ട്, സാനിറ്ററി ബ്ലോക്ക് ഗേറ്റ്, ഗേറ്റ് ഹൗസ്, സെക്യൂരിറ്റി റൂം, സൈക്കിൾ ഷെഡ് എന്നീ പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

3. ഡ്രഡ്ജിംഗ് പാർക്കിംഗ് ഏരിയ, ഇന്റേണൽ റോഡ്, അപ്രോച്ച് റോഡ്, കോംപൗണ്ട് വാൾ, ഗ്രീൻബെൽറ്റ്, വാട്ടർ സപ്ലൈ, ഇലക്ട്രിഫിക്കേഷൻ എന്നീ പണികൾ ഭാഗികമായി പൂർത്തീകരിച്ചിട്ടുണ്ട്.

4. തെക്കുഭാഗത്ത് 720 മീറ്റർ നീളമുള്ള പുലിമുട്ട് 595 മീറ്റർ നീളത്തിലും വടക്കു ഭാഗത്തെ 485 മീറ്റർ നീളമുള്ള പുലിമുട്ട് 233 മീറ്റർ നീളത്തിലും പൂർത്തീകരിച്ചു.

(സി) 2006-ൽ പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(3) വൈകിക്കിട്ടിയ ഉത്തരങ്ങൾ

പുതുതായി ആരംഭിച്ച വ്യവസായ സ്ഥാപനങ്ങൾ

110 [461] *ശ്രീ. വി. ചെന്താമരാക്ഷൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് പുതുതായി എത്ര വ്യവസായങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) ഇതിൽ ചെറുകിട വ്യവസായ യൂണിറ്റുകൾ എത്ര; വൻകിട വ്യവസായ സ്ഥാപനങ്ങൾ എത്ര;

(സി) എത്ര വ്യവസായ സ്ഥാപനങ്ങളിൽ ഉൽപാദനം ആരംഭിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പുതുതായി വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചതിന്റെ ഫലമായി എത്ര പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) & (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചെറുകിട വ്യവസായ മേഖലയിൽ പുതുതായി 41338 യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. വൻകിട വ്യവസായങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു. പൊതുമേഖലയിൽ പുതുതായി വ്യവസായ സ്ഥാപനങ്ങൾ ഒന്നും തന്നെ ആരംഭിച്ചിട്ടില്ല.

(സി) മുകളിൽ സൂചിപ്പിച്ച 41338 യൂണിറ്റിലും ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ട്. വൻകിട വ്യവസായങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

(ഡി) പുതുതായി ആരംഭിച്ച 41338 യൂണിറ്റുകളിലായി ഏകദേശം 145,000 പേർക്ക് തൊഴിൽ നൽകുവാൻ കഴിഞ്ഞിട്ടുണ്ട്. വൻകിട വ്യവസായങ്ങളുടെ വിവരം ശേഖരിച്ചുവരുന്നു.

വ്യവസായ സംരംഭകർക്കുള്ള ആനുകൂല്യം

111 [462] *ശ്രീ. കെ. ബി. ഗണേഷ്കുമാർ:*
„ *ടി. എം. ജേക്കബ്:*
„ *ആർ. ബാലകൃഷ്ണപിള്ള:*
„ *ഷിബു ബേബി ജോൺ:*
„ *ജോണി നെല്ലൂർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2001-നുശേഷം കേരളത്തിൽ എത്ര വൻകിട വ്യവസായ കമ്പനികൾ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) എത്ര കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്;

(സി) വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ടി സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകുമെന്നാണ് വാഗ്ദാനം ചെയ്തിരിക്കുന്നത്?

ഉത്തരം

(എ) 2001 ഏപ്രിലിനുശേഷം 5 വൻകിട വ്യവസായ സ്ഥാപനങ്ങളാണ് (10 കോടിയിലേറെ മൂപ മുതൽമുടക്കുള്ളവ) ഉല്പാദനമാരംഭിച്ചിട്ടുള്ളത്. കൂടാതെ 9 വൻകിട പദ്ധതികൾ നിർമ്മാണ ഘട്ടത്തിലുമാണ്.

(ബി) കിൻഫ്ര 23 കമ്പനികളുമായും കെ. എസ്. ഐ. ഡി. സി. 47 കമ്പനികളുമായും ധാരണാപത്രത്തിൽ ഒപ്പ് വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly